കാലിക്കറ്റ് സർവകലാശാല
പബ്ലിക് റിലേഷൻസ് വിഭാഗം

പത്രക്കുറിപ്പ്
2023 ജൂൺ 02 Website : www.uoc.ac.in

## നാടൻ നെല്ലിനങ്ങളുടെ മേന്മ തെളിയിച്ച് കാലിക്കറ്റിലെ ഗവേഷക സംഘം

പ്രാദേശിക നെല്ലിനങ്ങളുടെ അരിയിൽ ഔഷധ–പോഷക ഗുണങ്ങൾ തെളിയിക്കുന്ന ഗവേഷണ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് കാലിക്കറ്റ് സർവകലാശാലയിലെ ഗവേഷക സംഘം. സർവകലാശാലാ ബോട്ടണി പഠനവകുപ്പ് മേധാവി ഡോ. ജോസ് ടി. പുത്തൂരിന്റെ കീഴിൽ പി.എച്ച്.ഡി. വിദ്യാർഥിനി വീണ മാത്യു നടത്തിയ ഗവേഷണത്തിന്റെ റിപ്പോർട്ട് പ്രമുഖ ശാസ്ത്ര ഗവേഷണ പ്രസാധകരായ എൽസേവ്യറിന്റെ ഫുഡ് ബയോ സയൻസ് ശാസ്ത്ര ജേണലിന്റെ പുതിയ ലക്കത്തിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. പ്രാദേശിക നെൽവിത്തുകളുടെ സംരക്ഷകനും പത്മശ്രീ ജേതാവുമായ ചെറുവയൽ രാമന്റെ പക്കൽ നിന്നു ശേഖരിച്ച 15 പ്രാദേശിക ഇനങ്ങളും പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രത്തിൽ നിന്നുശേഖരിച്ചതും വ്യാപകമായി കൃഷി ചെയ്യുന്നതുമായ സങ്കര ഇനങ്ങളും താരതമ്യം ചെയ്തായിരുന്നു പഠനം. പ്രാദേശിക നെല്ലിനങ്ങളിൽ നിന്നുള്ള അരിയിൽ അമൈലോസ് കൂടുതൽ അടങ്ങിയതിനാൽ ടൈപ്പ് രണ്ട് പ്രമേഹത്തെ പ്രതിരോധിക്കാൻ സഹായിക്കുന്നുവെന്നതാണ് പ്രധാന കണ്ടെത്തൽ. ശരീരത്തിനാവശ്യമായ ഇൻസുലിൻ ഉത്പാദിപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ടൈപ്പ് രണ്ട് പ്രമേഹം വർധിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ കണ്ടെത്തൽ ഭക്ഷണ ക്രമീകരണത്തിന് സഹായിക്കും. സിങ്ക്, കാൽസ്യം, റുബീഡിയം, സെലിനിയം എന്നിവയും ഇവയിൽ ആവശ്യമായ അളവിൽ അടങ്ങിയിട്ടുണ്ട്. നിരോക്സീകാരികളായ ഫിനോലിക് സംയുക്തങ്ങളും ഫ്ളാവനോയിഡുകൾ, ആന്തോസയാനിൻ എന്നിവയും ഇവയെ മികച്ച ഭക്ഷണമാക്കി മാറ്റുന്നു. പോഷക സമൃദ്ധമായ പുതിയ വിത്തിനങ്ങൾ ഉത്പാദിപ്പിക്കാനും പ്രാദേശിക നെല്ലിനങ്ങൾ കൂടിയേ തീരൂ. ബോട്ടണി പഠനവകുപ്പിലെ പോളി ഹൗസിൽ നെൽവിത്തുകൾ മുളപ്പിച്ചായിരുന്ന പഠനം. പോളണ്ടിലെ റോക്ലാ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള പീറ്റർ സ്റ്റെപിൻ, വാർസാ യൂണിവേഴ്സിറ്റി ഓഫ് ലൈഫ് സയൻസസിലെ ഹാസിം എം. കലാജി എന്നിവരും പഠനസംഘത്തിലുണ്ടായിരുന്നു.

ഫോട്ടോ– ഗവേഷണത്തിനായി കാലിക്കറ്റ് സർവകലാശാലാ ബോട്ടണി പഠനവകുപ്പിൽ മുളപ്പിച്ച നെൽവിത്തുകൾ

ഫോട്ടോ– ഡോ. ജോസ് ടി. പുത്തൂർ, വീണ മാത്യു, ഹാസിം എം. കലാജി, പീറ്റർ സ്റ്റെപിൻ *പി.ആർ. 633/2023*

## ഗസ്റ്റ് അധ്യാപകനിയമനം

കാലിക്കറ്റ് സർവകലാശാലാ ഭൗതികശാസ്ത്ര പഠനവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ മണിക്കൂർ വേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് പട്ടിക തയ്യാറാക്കുന്നു. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം 9–ന് രാവിലെ 10 മണിക്ക് പഠനവകുപ്പിൽ ഹാജരാകണം. *പി.ആർ. 634/2023*

## ഇന്റഗ്രേറ്റഡ് പി.ജി. പ്രവേശനം

കാലിക്കറ്റ് സർവകലാശാലക്കു കീഴിലുള്ള ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ 2023–24 അധ്യയനവർഷത്തെ ഇന്റഗ്രേറ്റഡ് പി.ജി. പ്രവേശനത്തിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. സർവകലാശാലക്കു കീഴിലുള്ള 8 കോളേജുകളിലാണ് ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുള്ളത്. എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് 185 രൂപയും മറ്റുള്ളവർക്ക് 445 രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷ സമർപ്പിക്കേണ്ട അവാസന തീയതി 19.06.2023. വിശദവിവരങ്ങൾക്ക് പ്രവേശനവിഭാഗം വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ 0494 2407016, 2407017, 2660600 *പി.ആർ. 635/2023*

## പരീക്ഷാ അപേക്ഷ

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പി.ജി. നവംബർ 2022 റഗുലർ പരീക്ഷക്ക് പിഴ കൂടാതെ 16 വരെയും 180 രൂപ പിഴയോടെ 19 വരെയും 5 മുതൽ ഓൺലൈനായി അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ ബി.വോക്. ഏപ്രിൽ 2023 റഗുലർ പരീക്ഷക്ക് പിഴ കൂടാതെ 19 വരെയും 180 രൂപ പിഴയോടെ 22 വരെയും 5 മുതൽ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ ബി.വോക്. ഓർഗാനിക് ഫാമിംഗ് ഏപ്രിൽ 2022 റഗുലർ പരീക്ഷക്ക് പിഴ കൂടാതെ 15 വരെയും 180 രൂപ പിഴയോടെ 19 വരെയും 5 മുതൽ ഓൺലൈനായി അപേക്ഷിക്കാം. *പി.ആർ. 636/2023*

## പരീക്ഷ

നാലാം സെമസ്റ്റർ ബി.എഡ്. ഏപ്രിൽ 2023 റഗുലർ, സപ്ലിമെന്ററി പരീക്ഷകൾ ജൂലൈ 5–ന് തുടങ്ങും.

നാലാം സെമസ്റ്റർ ബി.ആർക്ക്. ഏപ്രിൽ 2023 റഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ് പരീക്ഷകൾ 16–നും ആറാം സെമസ്റ്റർ 19–നും തുടങ്ങും. *പി.ആർ. 637/2023*

## പരീക്ഷാ ഫലം

ഒമ്പതാം സെമസ്റ്റർ ബി.ബി.എ.–എൽ.എൽ.ബി. ഡിസംബർ 2022 സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 22 വരെ അപേക്ഷിക്കാം. *പി.ആർ. 638/2023*